## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3608** **17-12-2015- ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.എഫ്. തോമസ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| എ) | കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സഹായത്തോടെ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ എത്ര ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 സർക്കാർ ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും താമരശ്ശേരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ 29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സ ലഭ്യമാണ്. |
| ബി) | പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11/07/2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | ജില്ല/ താലൂക്ക് തലങ്ങളിലുള്ള 27 സർക്കാർ ഡയാലിസിസ് സെന്ററുകളുടെ നിർമ്മണച്ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിൽ താമരശ്ശേരി താലൂക്ക് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഡയാലിസിസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 29 എണ്ണം പ്രവർത്തനക്ഷമവുമാണ്. |

സെക്ഷൻ ഓഫീസർ.

2.